# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 05/25 (227th) Meeting of the Syndicate held on 10.06.2025 at 11.00 a.m at University Head Quarters, Kalady

## Members Present:

| | | |
|---|---|---|
| 1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. ഡോ. രാമൻകുട്ടി പി. വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. ഡോ. ഓമന പി. വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. ശ്രീ. ആർ അജയൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. ശ്രീ അജയൻ സി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. ഡോ. മിനി ടി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 13. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 14. ഡോ. ശിവദാസൻ. പി , സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 15. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ രാജ്യസഭാംഗവും, നിയമസഭാംഗവുമായ ശ്രീ. തെന്നല ബാലകൃഷ്ണ പിള്ളയുടെ നിര്യാണത്തിലും മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

21.05.2025 തീയതിയിലെ 226-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുവാനും പ്രാദേശിക കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും സിൻഡിക്കേറ്റ് അംഗങ്ങൾ പ്രാദേശിക കേന്ദ്രങ്ങൾ സന്ദർശിക്കണമെന്ന തീരുമാനത്തിന്റെ ഭാഗമായി 2025 മെയ് 23-ാം തീയതി സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ എസ് അരുൺകുമാർ, ഡോ. എം. സത്യൻ, ഡോ. ടി. മിനി, ഡോ. ലിസ്സി മാത്യു, ഡോ. ഓമന പി.വി, ഡോ. പി.വി. രാമൻകുട്ടി, ഡോ. മാത്യൂസ് ടി. തെള്ളി എന്നിവർ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം സന്ദർശിക്കുകയും ക്യാമ്പസ് സമൂഹവുമായി ചർച്ച നടത്തുകയും സർവകലാശാലയുടെ പേരിലുള്ള സ്ഥലം സന്ദർശിക്കുകയും ചെയ്തു. സ്ഥലത്ത് ഭാവിയിൽ നടത്താവുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് പ്രാഥമിക ചർച്ചകൾ നടത്തി.
2. സർവകലാശാല സേവനത്തിൽ നിന്നും 2025 മെയ് 31 ന് വിരമിച്ച അനധ്യാപക ജീവനക്കാരായ ശ്രീ. പ്രേമൻ തറവട്ടത്ത് (അസിസ്റ്റന്റ് രജിസ്ട്രാർ), ശ്രീ. അനിൽകുമാർ പി.എം. (സെക്ഷൻ ഓഫീസർ), ശ്രീമതി. മിനി വി. (ക്ലറിക്കൽ അസിസ്റ്റന്റ്), ശ്രീമതി. മിനി കെ. സി. (ടെക്നിക്കൽ അസിസ്റ്റന്റ്), ശ്രീമതി. ലിസ്സി മാത്യു (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ), ശ്രീമതി. ജിജി ഈരാളി (കമ്പ്യൂട്ടർ ഓപ്പറേറ്റർ), ശ്രീ. രാജേഷ് പി.വി (ഓഫീസ് അറ്റൻഡന്റ്), ശ്രീ. മനോജ് പി.ജി (ലൈബ്രറി അസിസ്റ്റന്റ്) എന്നിവർക്ക് 2025 മെയ് 30 -ാം തീയതി സർവകലാശാല സമുചിതമായ യാത്രയയപ്പ് നൽകി.
3. സർവകലാശാലയുടെ കാലടി ക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും സെമസ്റ്റർ അവധി കഴിഞ്ഞ് 2025 ജൂൺ 2 ന് ക്ലാസ്സുകൾ പുനരാരംഭിച്ചു. ഒന്നാം വർഷ പി.ജി വിദ്യാർത്ഥികളുടെ ക്ലാസ്സ് 2025 ജൂൺ 4 ന് ആരംഭിച്ചു.

4. 2025-26 അക്കാദമിക വർഷത്തെ വിവിധ വകുപ്പുകളിലേക്കുള്ള ഗസ്റ്റ് അധ്യാപകരുടെ നിയമനത്തിനുള്ള അഭിമുഖങ്ങൾ വകുപ്പുതലങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റുകൾ സർവകലാശാലയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.
5. സർവകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലും, വിവിധ പ്രാദേശിക ക്യാമ്പസുകളിലും 2025-26 അക്കാദമിക വർഷത്തിൽ ആരംഭിക്കുന്ന നാല് വർഷ ബി.എ, ബി.എഫ്.എ, ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയ്യതി 2025 ജൂൺ 10 വരെയാണ്.
6. 2025 പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് എസ്.എസ്.യു.എസ്. സുകൃതി ഫോറസ്റ്റ് ക്ലബ്ബ്, എൻ.എസ്.എസ്. എന്നിവരുടെ നേതൃത്വത്തിൽ മുഖ്യകേന്ദ്രത്തിൽ ജൂൺ 5 ന് തൈകൾ നട്ടു. സിൻഡിക്കേറ്റ് വർക്ക്സ് ആൻഡ് പർച്ചേസ് കമ്മിറ്റി കൺവീനർ ഡോ. ബി. അശോക്, പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ്, രജിസ്ട്രാർ എന്നിവർ ചേർന്ന് തൈകൾ നട്ട് പരിസ്ഥിതി ദിനാഘോഷം ഉദ്ഘാടനം ചെയ്തു.
7. സെന്റർ ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ലിക് ലൈബ്രറി, കാലടിയും സംയുക്തമായി 2025 ജൂൺ 4 ന് "മതനിരപേക്ഷതയും, മൗലികാവകാശങ്ങളും ധ്വംസിക്കുന്ന ഗയ, വഖഫ് ആക്റ്റുകൾ" എന്ന വിഷയത്തിലും, 2025 ജൂൺ 9 ന് "ഗയയുടെ മേലേ ഹിന്ദുത്വയുടെ നീണ്ട ചാപം" എന്ന വിഷയത്തിലും ഓൺലൈനായി ഇന്റർനാഷണൽ സെമിനാറുകൾ സംഘടിപ്പിച്ചു.
8. ഇന്റർ നാഷണൽ സ്കൂൾ ഫോർ ശ്രീ ശങ്കരാചാര്യ സ്റ്റഡീസിന്റേയും, ഗ്ലോബൽ ഫോറം ഫോർ യങ് ഫിലോസഫേഴ്സിന്റേയും, ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ചിന്റേയും സംയുക്താഭിമുഖ്യത്തിൽ 2025 ജൂൺ 12, 13 തീയതികളിലായി നാലാമത് ഗ്ലോബൽ ഫോറം ഫോർ യങ് ഫിലോസഫേഴ്സ് ആനുവൽ ഇന്റർനാഷണൽ കോൺഫെറൻസ് മുഖ്യകേന്ദ്രത്തിൽ വച്ച് നടക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. വൈസ് ചാൻസലർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രൊഫസർ ബാബു ജോസഫ് (ഫോർമർ വൈസ് ചാൻസലർ, കുസാറ്റ്) കോൺഫെറൻസ് ഉദ്ഘാടനം നിർവ്വഹിക്കും. പ്രൊഫസർ നിർമാല്യ നാരായൺ ചക്രബർത്തി (വൈസ് ചാൻസലർ, പ്രസിഡൻസി യൂണിവേഴ്സിറ്റി, കൽക്കത്ത) മുഖ്യ പ്രഭാഷണം നടത്തും.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## <u>Item No. 1</u>

പുതുക്കിയ ഹോസ്റ്റൽ നിയമാവലി -അംഗീകാരം സംബന്ധിച്ച്. (No. SSC/ HOS/ 17633/ SSUS/ 2019)

ക്യാമ്പസിന്റേയും ഹോസ്റ്റലിന്റേയും അച്ചടക്കം ഉറപ്പുവരുത്തിക്കൊണ്ട് ഹോസ്റ്റൽ നിയമാവലി പരിഷ്കരിക്കാൻ തീരുമാനിച്ചു. ഹോസ്റ്റൽ അഡ്മിനിസ്ട്രേഷന് പ്രത്യേക ഗവേണിംഗ് ബോഡി രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് അടുത്ത സിൻഡിക്കേറ്റിൽ പരിഗണിക്കാൻ

തീരുമാനിച്ചു. വരുമാന പരിധിയും ദൂര പരിധിയും ഹോസ്റ്റൽ അഡ്മിഷന് പരിഗണിക്കാൻ തീരുമാനിച്ചു. ഈ വിഷയങ്ങൾ പരിശോധിക്കുന്നതിനും, വിദ്യാർത്ഥികൾ, പി ടി എ എന്നിവരുമായി ചർച്ച നടത്തുന്നതിനും ഹോസ്റ്റൽ ഫീസ് വർദ്ധനവ് പിൻവലിക്കണമെന്നതടക്കമുള്ള വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിശോധിക്കുന്നതിനുമായി അഡ്വ. കെ എസ് അരുൺകുമാർ (കൺവീനർ), ഡോ. എം സത്യൻ, ഡോ. ടി മിനി , ശ്രീ. ആർ അജയൻ, ഡോ. ബി അശോക് എന്നീ സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട കമ്മറ്റിയെ വിശദ പഠനത്തിന് ചുമതലപ്പെടുത്തി. ഒരാഴ്ച്ചക്കകം കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചു.

## Item No. 2

രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായ സർവകലാശാല മിനി ബസുകൾ-സംബന്ധിച്ച്. ( No. 03976/SOADC/SSUS/2023(2))

രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായ സർവകലാശാല മിനി ബസുകൾ നിയമപരമായി ലേലം ചെയ്യാൻ തീരുമാനിച്ചു. പയ്യന്നൂർ കേന്ദ്രത്തിലെ ബസ് കാലടിയിലേക്ക് കൊണ്ടുവരുന്നതിനുള്ള സാധ്യത പരിശോധിക്കാൻ തീരുമാനിച്ചു. പുതിയ ബസ് ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ നിയമസഭാ എം എൽ എ, രാജ്യസഭാ എം.പി എന്നിവർക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 3

ഫിനാൻസ് അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിന്റെ അപ്ഡേഷനും പരിപാലനവും ചെയ്യുന്നതിനു വേണ്ടി നിയമിതനായ പ്രോഗ്രാമർ ശ്രീ ജിഷ്ണുമോൻ പി ബി ക്ക് ശമ്പള വർദ്ധനവ് അനുവദിക്കുന്നത് സംബന്ധിച്ച്. (No. 00352/SOADC/SSUS/2024 (1)).

20.05.2025 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഫിനാൻസ് അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിന്റെ അപ്ഡേഷനും പരിപാലനവും ചെയ്യുന്നതിനു വേണ്ടി നിയമിതനായ പ്രോഗ്രാമർ ശ്രീ ജിഷ്ണുമോൻ പി ബി യുടെ ശമ്പളം 27,500/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

## Item No. 4

സർവകലാശാലയുടെ അങ്കമാലി സബ്ട്രഷറിയിലെ സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കി വെയ്ക്കാൻ ഉണ്ടായ കാലതാമസത്തെക്കുറിച്ചും പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം സംബന്ധിച്ചും പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സിൻഡിക്കേറ്റ് ഉപസമിതിയുടെ പരിശോധന റിപ്പോർട്ട്.

സർവകലാശാലയുടെ അങ്കമാലി സബ്ട്രഷറിയിലെ സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കി വെയ്ക്കാൻ ഉണ്ടായ കാലതാമസത്തെക്കുറിച്ചും പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം സംബന്ധിച്ചും പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സിൻഡിക്കേറ്റ് ഉപസമിതിയുടെ പരിശോധന റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചു. ഈ വിഷയത്തിൽ അപ്പീൽ കൊടുക്കുവാനും വീഴ്ച വരുത്തിയ ജീവനക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുവാനും തീരുമാനിച്ചു.

## Item No. 5

സർവകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01548/IA2/SSUS/2025(1))

സർവകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുവാൻ തീരുമാനിച്ചു.

## Item No. 6

പരീക്ഷ വിഭാഗം ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് ബാക്കി തുക നല്കുന്നത് സംബന്ധിച്ച്.(No. DR(Exam)878/SSUS/2009(VolumeIII)

20.05.2025 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, പരീക്ഷ വിഭാഗം ഡിജിറ്റലൈസേഷൻ പ്രൊജക്ട് തൃപ്തികരമായി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സി-ഡിറ്റിന് ബാക്കി തുക നൽകാതെ തന്നെ തുടർന്നുള്ള സേവനങ്ങൾ നൽകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

## Item No. 7

ISSS ന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പരസ്പന്ദ' വാർഷിക റിസർച്ച് ജേർണലിന്റെ എഡിറ്റോറിയൽ ബോർഡ്, പിയർ റിവ്യൂ ടീം എന്നിവ പുനഃസംഘടിപ്പിക്കുന്നത് - സംബന്ധിച്ച് (No. 00728/SOPUB/SSUS/2022(1))

ISSS ന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പരസ്പന്ദ' വാർഷിക റിസർച്ച് ജേർണലിന്റെ എഡിറ്റോറിയൽ ബോർഡ്, പിയർ റിവ്യൂ ടീം എന്നിവ പുനഃസംഘടിപ്പിക്കുന്നത് അംഗീകരിച്ചു. ജേർണലിന്റെ പബ്ലിഷർ സർവകലാശാല രജിസ്ട്രാർ ആയിരിക്കണമെന്നും തീരുമാനിച്ചു.

**Item No. 8**

ഓൺലൈൻ പേയ്മെന്റ് സംവിധാനം സജ്ജമാക്കുന്നതിന് യൂണിയൻ ബാങ്കിന്റെ സർവീസ് വെണ്ടറായ ഇൻഫിബീം അവന്യൂസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയതും കരാറിൽ ഏർപ്പെട്ടതും -സാധൂകരണം സംബന്ധിച്ച് (No. Fin/10905/Fee Collection/SSUS/2015)

ഓൺലൈൻ പേയ്മെന്റ് സംവിധാനം സജ്ജമാക്കുന്നതിന് യൂണിയൻ ബാങ്കിന്റെ സർവീസ് വെണ്ടറായ ഇൻഫിബീം അവന്യൂസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയതും, കരാറിൽ ഏർപ്പെട്ടതുമായ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 9**

സർവകലാശാല സ്റ്റാന്റിംഗ് കൗൺസലിന് വിവിധ നിയമ സേവനങ്ങൾക്കായി ഫീസ് അനുവദിച്ചിട്ടുള്ള സർവകലാശാല ഉത്തരവിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്. (No. 00911/LEG1/SSUS/2025(1)

സ്റ്റാന്റിംഗ് കൗൺസിലിന്റെ ഫീസ് നിലവിൽ അനുവദിക്കുന്നതുപോലെ തുടരാൻ തീരുമാനിച്ചു.

**Item No. 10**

സർവകലാശാലയിൽ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP) ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 01455/SOADA/SSUS/2024(1))

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 11**

Erasmus Mundus Joint MA Programme (EMJM) – Reporting of Developments and Recommendations for Implementation- Reg. (No. 01197/OIA2/SSUS/2025)

അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ പരിശോധനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

**Item No. 12**

വ്യവഹാര സംസ്കൃതം എന്ന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിനുള്ള സിൻഡിക്കേറ്റ് ഭരണാനുമതി ലഭിക്കുന്നത് സംബന്ധിച്ച്. (No. 01919/ACDB1/SSUS/2025(1)

വ്യവഹാര സംസ്കൃതം എന്ന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No. 13**

പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ താത്കാലിക കായിക അദ്ധ്യാപകനെ നിയമിക്കുന്നത് സംബന്ധിച്ച്. (No. 00414/ADA1/SSUS/2025)

തൽക്കാലത്തേക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

**Item No. 14**

കാലടി മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Mahabaratha a Source Book of Indian Philosophy എന്ന വിഷയത്തിൽ നാഷണൽ സെമിനാർ സംഘടിപ്പിച്ചത്- റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 00823/ ACDC1/ SSUS/ 2025(1))

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 15**

2025-26 വർഷത്തെ അക്കാദമിക് കലണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് (No. 03803/ SOACDC/SSUS/2023(1))

2025-26 വർഷത്തെ അക്കാദമിക് കലണ്ടർ അംഗീകരിച്ചു. FYUGP ഒന്നാം സെമസ്റ്റർ പരീക്ഷ തീയതി ഒരാഴ്ച മുന്നോട്ട് ആക്കാൻ തീരുമാനിച്ചു.

**Item No. 16**

"Minimum Standards of Instruction for the Grant of Undergraduate Degree and Postgraduate Degree Regulations, 2025" സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്. (No. 01941/ACDB2/SSUS/2025(1))

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർദേശിച്ച "Minimum Standards of Instruction for the Grant of Undergraduate Degree and Postgraduate Degree Regulations, 2025" സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

## ADDITIONAL AGENDA

**Item No. 1**

സർവകലാശാല ഹോസ്റ്റലുകളിലെ വിവിധ പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. 04350/ENGGI/SSUS/2024)

05.06.2025 ലെ വർക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാല ഹോസ്റ്റലുകളുടെ വിവിധ പ്രവൃത്തികൾക്കായി ജി എസ് ടി ഉൾപ്പെടെ ആകെ 13,83,926/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള ഭരണാനുമതി നല്കുന്നതിനും സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

**Item No. 2**
ഹെഡ്ഷിപ് വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നത് - സംബന്ധിച്ച്. (No. 01584/ ADA3/ SSUS/2024 (2))

മാറ്റിവച്ചു.

**Item No. 3**
കായിക പഠന വകുപ്പിൽ നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നത് - ഭരണാനുമതി അനുവദിക്കുന്നത് - സംബന്ധിച്ച്. (No. 02080/ACDB1/SSUS/2025 (1))

അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 4**
കോഴ്സ് വർക്ക് പൂർത്തീകരിക്കുന്നത് സംബന്ധിച്ച്. (No. 03848/ACDA2/SSUS/2023 (1))

2024-25 അഡ്മിഷൻ സംസ്കൃത വ്യാകരണം ഒന്നാം വർഷ ഗവേഷകയായ ശ്രുതി കെ കോഴ്സ് വർക്ക് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം കോഴ്സവർക്ക് പൂർത്തിയാക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No. 5**
ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സെനറ്റിലേക്ക് സംസ്കൃത സർവകലാശാല പ്രതിനിധിയെ നാമനിർദേശം ചെയ്യുന്നത് സംബന്ധിച്ച്. (No. 02007/ADD1/SSUS/ 2025 (1))

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സെനറ്റിലേക്ക് സംസ്കൃത സർവകലാശാല പ്രതിനിധിയായി ശ്രീ. സുഖേഷ് കെ. ദിവാകറിനെ (ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ) നാമനിർദ്ദേശം ചെയ്യാൻ തീരുമാനിച്ചു.

**Item No. 6**

FYUGP – Interdisciplinary BA Social Science Programme – സർവകലാശാലയിൽ ആരംഭിക്കുന്നത് - സംബന്ധിച്ച്. (No. 00471/ACDB1/SSUS/2025 (1))

അക്കാദമിക് & റിസർച്ച് കമ്മറ്റിക്ക് പഠിക്കുന്നതിനായി മാറ്റിവച്ചു.

**Item No. 7**

എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 01884/ACDB1/SSUS/2025 (1))

എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No. 8**

21.05.2025 തീയതിയിലെ 226 -ാംമത് സിൻഡിക്കേറ്റ് യോഗനടപടിച്ചുരുക്കം മെയിൻ അജൻഡ 35 പ്രകാരം അദാലത്തിൽ പങ്കെടുക്കാത്ത സൗദത് എം ന പ്രബന്ധ സമർപ്പണാനുമതി നൽകിയിട്ടുണ്ട് എങ്കിലും പ്രബന്ധ സമർപ്പണത്തിനായി ഒരു കട്ട് ഓഫ് തീയതി നിശ്ചയിച്ചു ലഭിക്കുന്നതിന് - സംബന്ധിച്ച്. (No. 00774/ACDA3/SSUS/2025 (1))

3 മാസം സമയം അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 9**

അദാലത്തിൽ പങ്കെടുത്ത രാജേഷ് കെ കെ, തോമസ് ജോ, പ്രശാന്ത് എം എൻ, അബി പ്രകാശ്, സുരഭി സി എം, ബിനോയ് എൻ, പ്രജിത് എസ് നായർ എന്നീ ഗവേഷകർക്ക് അദാലത്തു ശിപാർശ പ്രകാരം 31.05.2025 നുള്ളിൽ പ്രബന്ധം സമർപ്പിക്കുവാൻ സാധിക്കാത്തതിൽ തീയതി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച്. (No. 00784/ ACDA3/ SSUS/2025 (1))

നിയമാനുസൃതമായി ഫീസ് അടച്ച് ജൂലൈ 31 വരെ നീട്ടിക്കൊടുക്കാൻ തീരുമാനിച്ചു.

**Item No. 10**

കേരള സർക്കാരിന്റെ ഈ-ടെൻഡർ പോർട്ടൽ മുഖേന Firewall വാങ്ങുന്നതിന് സിൻഡിക്കേറ്റിന്റെ അനുമതി തേടുന്നത് സംബന്ധിച്ച്. (No. 02073/ITI/SSUS/2024)

കേരള സർക്കാരിന്റെ ഈ-ടെൻഡർ പോർട്ടൽ മുഖേന Firewall വാങ്ങുന്നത് അംഗീകരിക്കുവാൻ തീരുമാനിച്ചു.

**Item No. 11**

കായിക പഠന വകുപ്പ് സമർപ്പിച്ച '**ആരോഗ്യ ദ്യുതി**", "**ആരോഗ്യം +**" എന്നീ എക്സ്റ്റൻഷൻ & ഔട്ട് റീച്ച് പ്രോഗ്രാമുകൾ അനുമതിയ്ക്കായി സമർപ്പിക്കുന്നത്- സംബന്ധിച്ച്. (No. 02093/IQAC1/SSUS/2025 (1))

കായിക പഠന വകുപ്പ് സമർപ്പിച്ച '**ആരോഗ്യ ദ്യുതി**", "**ആരോഗ്യം +**" എന്നീ എക്സ്റ്റൻഷൻ & ഔട്ട് റീച്ച് പ്രോഗ്രാമുകൾ അംഗീകരിക്കുവാൻ അനുമതി നൽകാൻ തീരുമാനിച്ചു.

# OUT OF AGENDA

**Item No.1**

കോൺവൊക്കേഷൻ നടത്തുന്നതിനുള്ള നടപടികളും ഫീസും നിശ്ചയിക്കുന്നത് - പരിഗണിക്കുന്നത് - സംബന്ധിച്ച്. (No. 00932/ACDC2/SSUS/2025 (1))

2000/- രൂപ കോൺവൊക്കേഷൻ ഫീസ് ആയി നിശ്ചയിക്കാൻ തീരുമാനിച്ചു.

**Item No.2**

വിവിധ മേഖലകളിൽ അവാർഡുകൾ/ അംഗീകാരങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികൾ, അധ്യാപകർ, അനധ്യാപകർ എന്നിവരെ ആദരിക്കുന്നതിന് Merit-Day സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഇതിനായി IQAC യെ ചുമതലപ്പെടുത്തി.

**Item No.3**

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രവുമായി ബന്ധപ്പെട്ട് ജോസ് കെ. മാണി എം.പി യെ നേരിട്ട് കണ്ട് വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ അഡ്വ. കെ. എസ്. അരുൺ കുമാറിനെ ചുമതലപ്പെടുത്തി.

**ഒപ്പ്** | **ഒപ്പ്**

**രജിസ്ട്രാർ** | **വൈസ് ചാൻസലർ**